# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.493** **08.08.2017-ൽ മറുപടിയ്ക്ക്**

## അന്യസംസ്ഥാന ലോട്ടറികൾ നിയന്ത്രിക്കാൻ നടപടി

| | ചോദ്യം<br><br>ശ്രീ.കെ.സി.ജോസഫ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ജി. എസ്. റ്റി. നടപ്പിലായതിനെ തുടർന്ന് സംസ്ഥാനത്ത് അന്യസംസ്ഥാന ലോട്ടറികൾ ആരംഭിക്കാനുള്ള നടപടികൾ നിയന്ത്രിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | ജി.എസ്.ടി നടപ്പിലാക്കിയതിനെ തുടർന്ന് സംസ്ഥാനത്ത് അന്യ സംസ്ഥാന ഭാഗ്യക്കുറികളുടെ നിയമാനുസൃതമല്ലാത്ത വിൽപ്പന തടയുന്നതിലേക്കായി നിലവിൽ പ്രാബല്യത്തിലുള്ള ആക്ടുകളും, റൂളുകളും കർക്കശമായി നടപ്പിലാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>ജി.എസ്.ടിയുടെ മറവിൽ ടി ലോട്ടറികളുടെ നിയമവിരുദ്ധ പ്രവർത്തനം തടയുന്നതിലേക്കായി ലോട്ടറി നടത്തിപ്പിൽ പുതിയ നിയന്ത്രണങ്ങൾ/ പരിശോധനകൾ 27.07.2017-ലെ G.O(P) No.93/2017/TD പ്രകാരം കൊണ്ടുവന്നിട്ടുണ്ട്.<br><br>മിസോറാം സംസ്ഥാനത്തിന്റെ ലോട്ടറി അവരുടെ വിതരണക്കാരായ M/s. Teesta Distributors മുഖേന കേരളത്തിൽ ചട്ടങ്ങൾ ലംഘിച്ച് വിൽപനയ്ക്കൊരുങ്ങിയതിനെ തുടർന്ന് പ്രസ്തുത നിയമലംഘനം മിസോറാം സ്റ്റേറ്റിനെയും കേന്ദ്ര ആഭ്യന്തര വകുപ്പിനെയും അറിയിക്കുകയും, ഇത്തരം നിയമാനുസൃതമല്ലാത്ത ലോട്ടറികൾ പോലീസ് മുഖാന്തിരം പിടിച്ചെടുത്ത് നിയമനടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.<br><br>കേരള സംസ്ഥാന ഭാഗ്യക്കുറി ഏജൻറുമാർ കേരള സംസ്ഥാന ഭാഗ്യക്കുറികൾ മാത്രമേ വിൽക്കാവൂ എന്നും നിയമവിധേയമല്ലാത്ത അന്യ സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകൾ വിൽക്കുന്ന പക്ഷം അവരുടെ ഏജൻസി റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമെന്നും സർക്കാർ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | 2016-17 സാമ്പത്തിക വർഷം കേരള ലോട്ടറിയിൽ നിന്നും ആകെ വരുമാനവും ലാഭവും എത്രയെന്ന് വെളിപ്പെടുത്തുമോ; | (ബി) | 2016-17 സാമ്പത്തിക വർഷം കേരള ലോട്ടറിയിൽ നിന്നുള്ള ആകെ വരുമാനം (ലോട്ടറി വിൽപ്പന/മറ്റിനങ്ങൾ) 7395.29 കോടി രൂപയും ലാഭം 1691.05 കോടി രൂപയുമാണ്. |
| (സി) | 2016-17 സാമ്പത്തിക വർഷം കാരുണ്യ ചികിത്സാ പദ്ധതിയിലൂടെ എത്രകോടി രൂപ സഹായ ധനമായി നല്കിയെന്നറിയിക്കുമോ; | (സി) | 2016-17 സാമ്പത്തിക വർഷം കാരുണ്യ ചികിത്സാ പദ്ധതിയിലൂടെ 416,19,81,077/- രൂപ ധനസഹായമായി നൽകിയിട്ടുണ്ട്. |
| (ഡി) | 2015-16 സാമ്പത്തിക വർഷം കാരുണ്യ പദ്ധതിയിലൂടെ എത്രയാണ് സാമ്പത്തിക സഹായം നൽകിയത്? | (ഡി) | 2015-2016 സാമ്പത്തിക വർഷം കാരുണ്യ ചികിത്സാ പദ്ധതിയിലൂടെ 157,64,06,746/- രൂപയാണ് സാമ്പത്തിക സഹായം നൽകിയത് |

**സെക്ഷൻ ഓഫീസർ.**